# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4431      17.05.2017 – ൽ മറുപടിക്ക്

**<u>ബി.പി.എൽ, എ.പി.എൽ. വിഭാഗങ്ങൾക്ക് വിതരണം ചെയ്യുന്ന ഉൽപന്നങ്ങൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |

(എ) റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഉൽപന്നങ്ങൾ ബി.പി.എൽ, എ.പി.എൽ. വിഭാഗങ്ങൾക്ക് ഒരുപോലെയാണോ നൽകുന്നതെന്നും ഓരോന്നിനും ബി.പി.എൽ, എ.പി.എൽ. വിഭാഗങ്ങളിൽ നിന്നും എത്ര രൂപ വീതമാണ് ഈടാക്കുന്നത് എന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

(എ) റേഷൻ ഉൽപന്നങ്ങൾ ബി.പി.എൽ, എ.പി.എൽ വിഭാഗങ്ങൾക്ക് പ്രതിമാസ നിരക്കിൽ തരം തിരിച്ചാണ് നൽകുന്നത്. 2017 മെയ് മാസം വിതരണം ചെയ്ത റേഷൻ സാധനങ്ങളുടെ അളവ് ചുവടെ ചേർത്തിരിക്കുന്നു.

| വിഭാഗം | ഓരോ വിഭാഗത്തിനുമുള്ള റേഷൻ സാധനങ്ങളുടെ വിതരണത്തോത് | | |
|---|---|---|---|
| | അരി | ഗോതമ്പ് | മണ്ണെണ്ണ |
| എ.എ.വൈ | കാർഡിന് 28 കി.ഗ്രാം സൗജന്യമായി | കാർഡിന് 7 കി.ഗ്രാം സൗജന്യമായി | എല്ലാ വിഭാഗത്തിലെയും വൈദ്യുതീകരിച്ച വീട്ടിലെ കാർഡിന് 1/2 ലിറ്ററും വൈദ്യുതീകരിക്കാത്ത വീട്ടിലെ കാർഡിന് 4 ലിറ്ററും ലിറ്ററിന് 21/-രൂപ നിരക്കിൽ |
| എ.എ.വൈ ഒഴികെയുള്ള മുൻഗണനാ വിഭാഗം (priority) | ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം സൗജന്യമായി | ഓരോ അംഗത്തിനും 1 കി.ഗ്രാം വീതം സൗജന്യമായി | |
| മുൻഗണനേതര വിഭാഗം (സബ്സിഡി) NP(S) | ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം കി.ഗ്രാമിന് 2/- രൂപ നിരക്കിൽ | ഇല്ല | |
| മുൻഗണനേതര വിഭാഗം (നോൺ സബ്സിഡി) NP(NS) | ഓരോ കാർഡിനും അരിയും ഗോതമ്പുമുൾപ്പെടെ 8 കി.ഗ്രാം ഭക്ഷ്യധാന്യം. അരി കി.ഗ്രാമിന് 8.90/- രൂപ നിരക്കിലും ഗോതമ്പ് കി.ഗ്രാമിന് 6.70 രൂപ നിരക്കിലും (2017 മെയ് മാസത്തിലെ സ്റ്റോക്കിന്റെ അടിസ്ഥാനത്തിൽ | | |

2017 ഫെബ്രുവരി മാസം വരെ കേന്ദ്ര സബ്സിഡി ഉപയോഗിച്ച് മുൻഗണനാ/എ.എ.വൈ.വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പ്രതിമാസം 250 ഗ്രാം വീതം പഞ്ചസാര കി.ഗ്രാമിന് 13.50രൂപ നിരക്കിൽ നൽകിയിരുന്നു. 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ പഞ്ചസാര സബ്സിഡി നൽകുന്നതിനുള്ള തുക വകയിരുത്താത്തതിനെ തുടർന്ന് ഉണ്ടായ പഞ്ചസാര വിതരണത്തിലെ പ്രതിസന്ധി പരിഹരിക്കണമെന്ന സംസ്ഥാനങ്ങളുടെ അഭ്യർത്ഥന പരിഗണിച്ച് കേന്ദ്ര സർക്കാർ മേൽപ്പടി വിഷയം പുനപ്പരിശോധിച്ചു വരികയാണ്. ആയതിനുള്ള അന്തിമ തീരുമാനം വരുന്നതുവരെ കാത്തിരിക്കണമെന്ന് സംസ്ഥാന സർക്കാരിന് നിർദ്ദേശം ലഭ്യമായിട്ടുണ്ട്.

***സെക്ഷൻ ഓഫീസർ***